Beuttler, John G.: Indumrggatinnu omamrggattinnu tammilua sabandha: Vergleichung von Hinduismus und Romanismus

Kottayam, 1857 Seite 1

Vergleichung von Hinduism & Romanism v. Miss. Beuttler Zeitschrift (malayalam

# ഇന്ദുമാൎഗ്ഗത്തിന്നും റോമമാൎഗ്ഗത്തിന്നും

## തമ്മിലുള്ള സംബന്ധം.

UNIV. BIBL. TÜBINGEN

---

ലോകത്തിന്റെ ഇരുളിനെ നീക്കി പ്രകാശിപ്പിപ്പാൻ ഒരു സൂൎയ്യൻ ഉണ്ടായിരിക്കുന്നതുപോലെ മനുഷ്യരുടെ മനസ്സിന്റെ ഇരുളിനെ നീക്കി പ്രകാശിപ്പിപ്പാൻ ഒരു വേദം ഉണ്ടായിരിക്കെണം, ആ വേദം ഏതെന്ന മനുഷ്യൻ ദൈവാത്മാവിനാൽ പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്ന തന്റെ ബുദ്ധിയുടെ കണ്ണുകൊണ്ട മാത്രം അറിയെണ്ടതാകുന്നു. എല്ലാ വേദവും ഞാൻ തന്നെ സത്യവേദം എന്ന പറയുന്നു. എങ്കിലും ദൈവത്തെയും അവന്റെ ലക്ഷണങ്ങളെയും ക്രിസ്തു ഉണ്ടാക്കിയ രക്ഷാവഴിയെയും പാപമോചനത്തെയും വെളിപ്പെടുത്തുന്നത തന്നെ സത്യവേദം. ഏതു വേദം ദൈവത്തിന്റെ ലക്ഷണങ്ങൾക്കും ക്രിസ്തു മുഖാന്തരമുള്ള രക്ഷാവഴിക്കും വിരോധമായിരിക്കുന്നുവൊ അത ദൈവത്താൽ ഉണ്ടായ വെദമാകയില്ല.

റോമമാൎഗ്ഗം തന്നെ സത്യവേദമാൎഗ്ഗം എന്ന പറകയും ദൈവവേദത്തെ ജനങ്ങൾക്ക കൊടുക്കാതെയും അതിനെ തള്ളിക്കളഞ്ഞ അതിനെ വായിക്കുന്നവരെ പതിതർ എന്ന പറഞ്ഞ നിന്ദിച്ച പാപ്പായുടെ കല്പനകളെ ദൈവകല്പനകളായിട്ട സ്വീകരിക്കയും ചെയ്യു വരുന്നു. ആത്മാവാകുന്ന ദൈവത്തെ ആത്മാവിലും സത്യത്തിലും വന്ദിക്കെണ്ടതായിരിക്കുമ്പോൾ റോമക്കാർ സ്വരൂപവന്ദന കൊണ്ടും കൎമ്മാചാരങ്ങളെക്കൊണ്ടും വ്യാജപ്പുതുമകൾകൊണ്ടും കള്ളക്കഥകൾകൊണ്ടും തങ്ങളുടെ മാൎഗ്ഗത്തെ നിലനിറുത്തുന്നു. ആകയാൽ റോമമാൎഗ്ഗം ഇന്ദുമാൎഗ്ഗത്തൊട ചേൎന്നിരിക്കുന്നു എന്ന കാണിപ്പാനായി ൟ പുസ്തകം എഴുതപ്പെട്ടു.

തങ്ങളുടെ ആത്മവൎദ്ധനയെ ആഗ്രഹിക്കുന്നവർ ഇതിനെ ശുഷ്കാന്തിയുള്ള ആത്മാവോടെ വായിച്ച സത്യമൊ അല്ലയൊ എന്ന വിചാരിച്ച സത്യമാൎഗ്ഗത്തെ ഏററുകൊണ്ട അതിൻ പ്രകാരം നടക്കുന്നവരായിവരട്ടെ.



Ci XIV. 53.

http://idb.ub.uni-tuebingen.de/diglit/CiXIV53/0003

Universitätsbibliothek Tübingen